പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 222 4.2.2013 ൽ മറുപടിക്ക്

ജനസൗഹൃദ പോലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) ജനസൗഹൃദ പോലീസ് നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനങ്ങളോട് മോശമായി പെരുമാറുകയും വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | എ) ജനങ്ങളോട് മോശമായി പെരുമാറുകയും വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രൈം കേസുകളും വകുപ്പുതല അച്ചടക്ക നടപടികളും എടുത്ത് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ഓരോ പോലീസ് സ്റ്റേഷനിലേയും പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | ബി) ഓരോ പോലീസ് സ്റ്റേഷനിലെയും പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നുണ്ട്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികളും കൂടാതെ കുറ്റകൃത്യങ്ങളിൽ പങ്കാളിയാകുന്നവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ